# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2008** | 16.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി.

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചെറുകിട-വൻകിട ഹോട്ടലുകളും മറ്റ് സ്ഥാപനങ്ങളും ബില്ലിൽ ജി.എസ്.ടി. ചുമത്തി ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയ തുകകൾ സർക്കാരിൽ അടയ്ക്കുന്നുണ്ടെന്ന് എങ്ങനെ ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവഹണ സമ്പ്രദായമാണ് ജി.എസ്.ടി. അതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവേ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ, കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വീഴ്ച വരുത്തുന്നവർക്കെതിരെ പിഴ ചുമത്താനുള്ള അധികാരം കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരിനുമുണ്ട്. വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകളും രേഖകളും ഭരണാനുമതിയുള്ള ജി.എസ്.ടി ഉദ്യോഗസ്ഥന് പരിശോധിക്കുവാനും കഴിയും. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾ ജി.എസ്.ടി. യുടെ പേരിൽ ഈടാക്കുന്ന തുക അതേപടി സർക്കാരിൽ അടയ്ക്കുന്നു എന്ന് എങ്ങനെ ഉറപ്പാക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ; | | |
| (സി) | ഉപഭോക്താവ് ജി.എസ്.ടി. ഇനത്തിൽ സ്ഥാപനങ്ങൾക്ക് നൽകിയ തുക സർക്കാരിൽ അടച്ചുവെന്ന് എങ്ങനെ പരിശോധിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ